**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **12-07-2022 - ൽ മറുപടിയ്ക്ക്**

**കാർബൺ ന്യൂട്രൽ കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എം.വിജിൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ എത്ര ശതമാനം വൃക്ഷാവരണം ഉണ്ടായിരിക്കണമെന്നാണ് ദേശീയ വന നയം അനുശാസിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 1988 ലെ ദേശീയ വന നയം അനുസരിച്ച് ആകെ ഭൂവിസ്തൃതിയുടെ 1/3 ഭാഗം വനമായോ വൃക്ഷാവരണമായോ ഉണ്ടായിരിക്കണമെന്നാണ് അനുശാസിച്ചിട്ടുള്ളത്. കൂടാതെ മലകളും കുന്നുകളുമായ പ്രദേശങ്ങളിൽ വിസ്തൃതിയുടെ 2/3 ഭാഗം വനമായോ വൃക്ഷാവരണമായോ നിലനിർത്തി മണ്ണൊലിപ്പ്, ലാൻറ് ഡിഗ്രേഡേഷൻ തുടങ്ങിയവ തടയുന്നതിനും ദുർബലമായ ആവാസവ്യവസ്ഥയുടെ കെട്ടുറപ്പ് ഉറപ്പാക്കുന്നതിനും വേണ്ടി നിലനിർത്ത ണമെന്നാണ് ദേശീയ വനനയം അനുശാസിച്ചിട്ടുള്ളത്. |
| (ബി) | വനവൽക്കരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വനവൽക്കരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 335.20 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് (2021-2022 വർഷം) 46.62 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം പഞ്ചായത്ത് നേഴ്സറികൾ വഴി 43 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. |
| (സി) | വനേതര ഭൂമിയിൽ വനവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം വെച്ചുകൊണ്ടുള്ള വൃക്ഷ സമൃദ്ധി പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) | വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് വൃക്ഷസമൃദ്ധി. വനങ്ങൾക്ക് പുറത്ത് പ്രത്യേകിച്ച് സ്വകാര്യ ഭൂമിയിലും, പൊതുസ്ഥലങ്ങളിലും, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സജീവ പങ്കാളിത്തം വഴി വൃക്ഷാവരണം വിപുലപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വൃക്ഷസമൃദ്ധി പദ്ധതിയ്ക്ക് കീഴിലുള്ള ഈ ഏകോപിത സ്ഥാപന ക്രമീകരണത്തിൽ തൈകൾ ഉത്പാദിപ്പിച്ച് |

| | | | |
|---|---|---|---|
| | | | പരിപാലിക്കുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പാണ്. പദ്ധതിയ്ക്ക് വേണ്ടി വരുന്ന എല്ലാ സാങ്കേതിക സഹായങ്ങളും സോഷ്യൽ ഫോറസ്ട്രി വിഭാഗം നൽകും. 3 മുതൽ 5 വർഷം വരെ തൈകൾക്ക് തുടർപരിചരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം നടത്തുക വഴി 5 കൊല്ലം കൊണ്ട് ചുരുങ്ങിയത് 80% തൈകളെങ്കിലും മരമായി വളരുമെന്നതാണ് പദ്ധതിയുടെ നേട്ടം. പ്രതിവർഷം 72 ലക്ഷം തൊഴിൽ ദിനങ്ങൾ ഈ പദ്ധതി വഴി സൃഷ്ടിക്കും. സംസ്ഥാനത്ത് ഒട്ടാകെയുള്ള പഞ്ചായത്തുകളുടെ 832 നഴ്സറി സൈറ്റുകളിലായി 43 ലക്ഷം വൃക്ഷതൈകൾ ഇക്കൊല്ലം തന്നെ ഈ പദ്ധതിയിലൂടെ സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ വർഷത്തിൽ (2022- നടീൽ വർഷം) മാത്രം മദർബെഡ് നഴ്സറിക്ക് ആവശ്യമായ യോജിച്ചതും ഗുണമേന്മയുള്ള വിത്തുകൾ വനം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളെ തൈ ഉത്പാദിപ്പിക്കുന്നതിനും ആയത് നട്ട് പരിപാലിക്കുന്നതിനും സ്വയം പര്യാപ്തമാക്കുകയാണ് അന്തിമലക്ഷ്യം. |
| (ഡി) | നഗര വനം, വിദ്യാവനം എന്നിവ സൃഷ്ടിക്കുന്നതിനും തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | നഗരവനം, വിദ്യാവനം എന്നിവ സൃഷ്ടിക്കുന്നതിനും തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ അവലോകനം ചെയ്യാറുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ Nagar Van Yojana പദ്ധതി വനം വകുപ്പിലെ അവലോകനങ്ങൾക്ക് പുറമെ കേന്ദ്രസർക്കാരും അവലോകനം ചെയ്തു വരുന്നു. വനത്തിന് പുറത്തെ വനവൽക്കരണത്തിന്റെ ഭാഗമായി 2020-21 വർഷം മുതൽ വനം വകുപ്പ് നഗരവനം, വിദ്യാവനം എന്നീ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 75 വിദ്യാവനങ്ങളും, 15 നഗരവനവും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ